വൈദ്യുതി ചാർജ് കുറയ്ക്കുന്നതിനുള്ള തീരുമാനം

26 [*65] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ് കുറയ്ക്കുന്നതിനെ സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) നിലവിലുള്ള നിരക്കിൽ നിന്നും എത്ര ശതമാനമാണ് കുറയ്ക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ബി.പി.എൽ. വിഭാഗക്കാർക്കും പട്ടികജാതി-പട്ടികവർഗക്കാർക്കും വികലാംഗർക്കും പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ & ബി) എൽ.ടി. I(a) ഗാർഹികം, എൽ. ടി. VII (A) & (B) വാണിജ്യം എന്നീ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ യൂണിറ്റിന് 20 പൈസ, 1-1-2006 മുതൽ കുറയ്ക്കുകയുണ്ടായി. ഇത് ഗാർഹിക ഉപഭോക്താക്കളുടെ ഏറ്റവും കുറഞ്ഞ നിരക്കിന്റെ 17.39%-ഉം LT VII (A) വാണിജ്യ വിഭാഗം ഉപഭോക്താക്കളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ നിരക്കിന്റെ 3.54%-ഉം LT VII (B) വിഭാഗത്തിന്റെ ഏറ്റവും കുറഞ്ഞ നിരക്കിന്റെ 5.7%-ഉം ആണ്.

(സി) 500 വാട്ട്സിൽ കവിയാത്ത കണക്ടഡ് ലോഡുള്ളതും പ്രതിമാസം 20 യൂണിറ്റിൽ കവിയാത്ത ഉപഭോഗമുള്ളതുമായ LT I(a) വിഭാഗം ഗാർഹിക ഉപഭോക്താക്കളെ ഇപ്പോൾ തന്നെ വൈദ്യുതി ചാർജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ബി. പി. എൽ. വിഭാഗക്കാർക്കും പട്ടികജാതി-പട്ടികവർഗക്കാർക്കും വികലാംഗർക്കും കണക്ഷൻ നൽകുന്നതിൽ പ്രത്യേക പരിഗണനയും നൽകിവരുന്നുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് നൽകുന്ന തുകയുടെ മാനദണ്ഡം

1 [298] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. എം. ഹസ്സൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് കളിക്കാരെ അണിനിരത്തുന്നതിന് ഓരോ ജില്ലയ്ക്കും എന്ത് തുക വീതം കൊടുത്തുവെന്ന് കാണിക്കുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly